പരിസ്ഥിതി നയം

24 [2454] *ശ്രീ. ടി. എൻ. പ്രതാപൻ:*

,, *ലൂഡി ലൂയിസ്:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണത്തിന് ഒരു നയം രൂപവൽക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ജലസംരക്ഷണത്തിനും മലിനീകരണ നിയന്ത്രണത്തിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഭൂജല മലിനീകരണം തടയുവാനും കടൽവെള്ളത്തിൽ മാലിന്യം കലരാതിരിക്കുവാനും എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പരിസ്ഥിതിനയത്തിന്റെ കരടുരേഖ പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ദേശീയ പരിസ്ഥിതിനയം പുറത്തിറക്കുന്നതോടുകൂടി സംസ്ഥാന പരിസ്ഥിതിനയത്തിന് അന്തിമരൂപം നൽകുന്നതാണ്.

(ബി) സംസ്ഥാനത്ത് മലിനീകരണം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1974, വായുമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1981 എന്നീ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. നദികളിലേക്ക് നേരിട്ടും അല്ലാതെയും പാഴ്ജലം ഒഴുക്കിവിടുന്ന വ്യവസായശാലകൾ, ആശുപത്രികൾ, പ്രമുഖ ഹോട്ടലുകൾ എന്നിവയെ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരികയും ജലനിയമപ്രകാരം നിബന്ധനാവിധേയമായ അനുമതിപത്രം എടുപ്പിക്കാനും അനുമതിപത്രത്തിലെ നിബന്ധനകൾ പാലിക്കാൻ തക്കവണ്ണം പര്യാപ്തമായ മാലിന്യ-സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കാനുമുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ഇതുകൂടാതെ, പരിസ്ഥിതി സംരക്ഷണനിയമം (1986) അനുസരിച്ച് ഉണ്ടാക്കിയ ഹസ്സാഡസ് (മാനേജ്മെന്റ് & ഹാന്റ്ലിംഗ്) റൂൾസ് 1989, ബയോ മെഡിക്കൽ (മാനേജ്മെന്റ് & ഹാന്റ്ലിംഗ്) റൂൾസ് 1998, പ്ലാസ്റ്റിക് മാനുഫാക്ചർ & യൂസേജ് റൂൾസ് 1999, മുനിസിപ്പൽ സോളിഡ് വെയ്സ്റ്റ് (മാനേജ്മെന്റ് & ഹാന്റ്ലിംഗ്) റൂൾസ് 2000 തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികളും ബോർഡ് എടുത്തുവരുന്നു. പ്രസ്തുത ചട്ടങ്ങൾ/നിയമങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പിക്കാൻ ബോർഡ് ഉദ്യോഗസ്ഥർ വ്യവസായശാലകൾ, ആശുപത്രികൾ,

LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പരിശോധിക്കുകയും പോരായ്മകൾ കാണുന്നപക്ഷം അത് സ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും, മുൻകരുതൽ നടപടികൾ സ്ഥാപനങ്ങളെക്കൊണ്ട് എടുപ്പിക്കുകയും ചെയ്തുവരുന്നു. ഗുരുതരമായ നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നു.

ഇതുകൂടാതെ നിയമങ്ങൾ/ചട്ടങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതിഘടകങ്ങളായ ജലം, വായു തുടങ്ങിയവയുടെ ഗുണനിലവാരം തിട്ടപ്പെടുത്തുക, മാലിന്യസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുക, മാലിന്യ സ്രോതസ്സുകൾക്ക് പരിധി നിശ്ചയിക്കുക, പൊതുജന ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, മാലിന്യനിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയ നടപടികളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എടുത്തുവരുന്നു.

(സി) നദികളിലേക്കും കടലിലേക്കും നേരിട്ടും അല്ലാതെയും പാഴ്ജലം ഒഴുക്കിവിടുന്ന വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവയെ ബോർഡിന്റെ നിയന്ത്രണപരിധിയിൽ കൊണ്ടുവന്നു. 1974-ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരം പാഴ്ജലത്തിൽ ഘടകങ്ങളുടെ അനുവദനീയപരിധി ഉൾപ്പെടെയുള്ള നിബന്ധനകളോടുകൂടിയ അനുമതിപത്രം എടുപ്പിക്കാനും അനുമതിപത്രത്തിലെ നിബന്ധനകൾ പാലിക്കാൻ തക്കവണ്ണം പര്യാപ്തമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കാനുമുള്ള നടപടികൾ ബോർഡ് എടുത്തിട്ടുണ്ട്. ഈ നടപടികൾ ഭൂജല മലിനീകരണം തടയാനും കുടിവെള്ളത്തിൽ മാലിന്യം കലരാതിരിക്കാനും സഹായിക്കുന്നു.

ദുരിതാശ്വാസഫണ്ടിലേക്ക് രാഷ്ട്രീയപാർട്ടികൾ നൽകിയ പണം

25 [2455] *ശ്രീ. പി. സി. ജോർജ്* : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് ഏതൊക്കെ രാഷ്ട്രീയപാർട്ടികൾ പണം നൽകിയിട്ടുണ്ട് എന്നും എത്ര രൂപവീതം എന്നും വ്യക്തമാക്കുമോ?

ഉത്തരം

26-12-2004 മുതൽ 21-7-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് വിവിധ രാഷ്ട്രീയപാർട്ടികൾ താഴെപ്പറയുംപ്രകാരമുള്ള തുകകൾ സംഭാവന നൽകിയിട്ടുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസും പോഷകസംഘടനകളും	..	26,80,050 രൂപ

LIBRARY ARCHIVES Kerala Legislative Assembly